# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്,വെള്ളാനിക്കര

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ് 15/18(29), ചൊവ്വാഴ്ച** **തീയ്യതി 10.04.2018**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 11.04.2018 | 12.04.2018 | 13.04.2018 | 14.04.2018 | 15.04.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 2 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C ) | 25 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 010 | 010 | 010 | 010 | 010 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 270 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | കതിരു വരുന്ന പരുവം/ തണ്ടുതുരപ്പൻ | നെല്ലിൽ തണ്ടുത്തുരപ്പനെ കണാനിടയുണ്ട്. ഇതിന്റെ ആക്രമണം നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോ കാർഡ് ഓരോന്ന് 10 ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ ഫ്ളുബെൻഡാമൈഡ് 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| തെങ്ങ് | - | ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ, ഉണങ്ങിയതോ ആയ ചകിരി തടങ്ങളിൽ ഇട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും 2 മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകളെടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടു മൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്ക വിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനു മുകളിൽ മണ്ണിട്ടു മൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5-7 വർഷക്കാലം നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ഓരോ വർഷവും തടത്തിൽ ഇട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. |
| ഇഞ്ചി, മഞ്ഞൾ | - | ഇഞ്ചിയും മഞ്ഞളും നടാൻ സ്ഥലം ഒരുക്കാം. മൂട് ചീയൽ രോഗം തടയുന്നതിനായി വിത്തിഞ്ചി 0.3% മാങ്കോസെബ്/സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. |
| പച്ചക്കറികൾ (പാവൽ) | മൊസെയ്ക് | പാവലിൽ മൊസെയ്ക് രോഗം കാണാനിടയുണ്ട്. ഇത് ഒരു വൈറസ് രോഗമാണ്. രോഗം ബാധിച്ച ചെടികൾ വേരോടെ പിഴുത് നശിപ്പിച്ച് കളയുക. രോഗം പരത്തുന്ന കീടങ്ങൾക്കെതിരെ ഡൈമേത്തോയേറ്റ് (റോഗർ) 1.5 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുക. |
| മൃഗസംരക്ഷണം | ഈച്ച, കൊതുക്, ചെള്ള് മുതലായ ബാഹ്യപരാദങ്ങളെ അകറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക. (CAADECCS, KVASU, Mannuthy) | |